# ഒബിസി വിഭാഗം വിദ്യാർഥികൾക്ക് വിദേശപഠനത്തിന് ധനസഹായം

**തിരുവനന്തപുരം**

സംസ്ഥാനത്തെ ഒബിസി വിഭാഗങ്ങളിൽപ്പെട്ട ഉന്നതപഠന നിലവാരം പുലർത്തിവരുന്ന വിദ്യാർഥികൾക്ക് വിദേശ സർവകലാശാലകളിൽ ഉപരിപഠനത്തിന് സ്കോളർഷിപ് നൽകുന്നു. മെഡിക്കൽ/ എൻജിനിയറിങ്/ പ്യൂവർ സയൻസ്/ അഗ്രികൾച്ചർ സയൻസ്/ സോഷ്യൽ സയൻസ്/ നിയമം/ മാനേജ്മെന്റ് എന്നീ വിഷയങ്ങളിൽ ഉപരിപഠന (പിജി/പിഎച്ച്ഡി) കോഴ്സുകൾക്ക് മാത്രം)ത്തിന് പിന്നോക്ക വിഭാഗ വികസന വകുപ്പാണ് ഓവർസീസ് സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചിരിക്കുന്നത്. കുടുംബവാർഷിക വരുമാനം ആറു ലക്ഷം രൂപയിൽ അധികരിക്കരുത്. www. egrantz. kerala. gov.in വെബ്സൈറ്റ് മുഖേന ഓൺലൈനായാണ് അപേക്ഷിക്കേണ്ടത്. വിവരങ്ങൾക്ക്: www.bcdd.kerala. gov.in അവസാന തീയതി സെപ്തംബർ 20. ഫോൺ: 0471 2727379.